## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.382 — 27.02.2017 ൽ മറുപടിയ്ക്ക്

### അരിവില വർദ്ധനവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എസ്.ശിവകുമാർ | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജയ-മട്ട ഇനം അരികളുടെ ചില്ലറവില കിലോയ്ക്ക് എത്ര രൂപ ആയിരുന്നുവെന്നും ഇപ്പോൾ അവയുടെ വില എത്രയാണെന്നും വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജയ അരിയുടെ വില കിലോയ്ക്ക് 30 രൂപയും, മട്ട അരിയുടെ വില കിലോയ്ക്ക് 34.50 രൂപയും ആയിരുന്നു ഇപ്പോൾ ജയ അരിയുടെ വില 45 രൂപയും മട്ടവടി അരിയുടെ വില 40 രൂപയുമാണ് |
| (ബി) പൊതുകമ്പോളത്തിൽ അരിവില കിലോഗ്രാമിന് 10 രൂപയ്ക്ക് മുകളിൽ വർദ്ധിക്കുവാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) പരിശോധിച്ചിട്ടുണ്ട്. ആന്ധ്രാ ജയ അരിയുടെയും മട്ട വടി അരിയുടെയും വിലയിലാണ് വർദ്ധനവ് ഉണ്ടായിട്ടുള്ളത്. തെക്കൻ സംസ്ഥാനങ്ങളിലുണ്ടായ കാലാവസ്ഥാ വ്യതിയാനങ്ങളുടെ ഫലമായി സംഭവിക്കുന്ന ഉൽപാദന കുറവ് സംസ്ഥാനത്തിലേക്കുള്ള അരി വരവിനെ പ്രതികൂലമായി ബാധിക്കുന്നതാണ് അരിയുടെ വില വർദ്ധനവിന്റെ ഒരു പ്രധാന കാരണം. മറ്റിനം അരിയുടെ വിലയിൽ ഈ വർദ്ധനവ് കാണാത്തത് അവ വ്യാപകമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന ഇനങ്ങളായതുകൊണ്ടാണ് |
| (സി) കമ്പോള ഇടപെടലിനായി സർക്കാർ 2016 നവംബർ, ഡിസംബർ മാസങ്ങളിലും,2017 ജനുവരിമാസത്തിലും എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ; | (സി) കമ്പോള ഇടപെടലിനായി നവംബർ മാസത്തിൽ 18.58 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഡിസംബർ, ജനുവരി മാസങ്ങളിൽ തുക അനുവദിച്ചിട്ടില്ല. എന്നാൽ ആകെ ബഡ്ജറ്റ് വിഹിതമായ 150 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്ത് റേഷൻ വിതരണത്തിലുണ്ടായ അപാകതയും എഫ്.സി.ഐ ഗോഡൗണുകളിലെ കൂലിപ്രശ്നം പരിഹരിക്കുന്നതിലുണ്ടായ പരാജയവും അരിവില ക്രമാതീതമായി വർദ്ധിക്കുവാനുണ്ടായ കാരണങ്ങളാണെന്നു കരുതുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രത നിയമം നടപ്പിലാക്കിയില്ലെന്ന കാരണത്താൽ സംസ്ഥാനത്തിന് എ.പി.എൽ. നിരക്കിൽ ലഭ്യമായിരുന്ന ഭക്ഷ്യധാന്യങ്ങൾക്ക് 2016 നവംബർ മുതൽ താങ്ങുവില നിരക്ക് ഈടാക്കിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമായതിലൂടെ വന്ന അനിശ്ചിതാവസ്ഥ, മുൻകാലങ്ങളിൽ മൊത്തവ്യാപാരികൾ നൽകി വന്നിരുന്ന അട്ടിക്കൂലി നൽകിയെങ്കിലേ ഭക്ഷ്യധാന്യങ്ങൾ കയറ്റി നൽകുകയുള്ളൂ എന്ന ആവശ്യത്തിന്മേൽ എഫ്.സി.ഐ. തൊഴിലാളികൾ നടത്തിയ പണിമുടക്കം. എഫ്.സി.ഐ. അധികൃതരുടെ |

ഭാഗത്തു നിന്നുണ്ടാകേണ്ടിയിരുന്ന സമയോചിത ഇടപെടലുകളുടെ അഭാവം. നിസ്സഹകരണ മനോഭാവം എന്നിവ അരിയുടെ വിലയിൽ നേരിയ വർദ്ധനവിന് കാരണമായിട്ടുണ്ട്. വിവിധ ചർച്ചകളുടെയും ഭക്ഷ്യധാന്യ വിതരണം തടസ്സപ്പെടുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നുള്ള നിലപാടിന്റെയും ഫലമായി എഫ്.സി.ഐ. ഗോഡൗണുകളിലുണ്ടായ - കൂലിത്തർക്കം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിച്ച് അരി ഗോഡൗണുകളിൽ നിന്ന് വിട്ടുകിട്ടുന്നതിന് സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ